## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7094

16.07.2012-ലെ
മറുപടിക്ക്.

### <u>അദ്ധ്യാപക പാക്കേജ്</u>

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഈ പാക്കേജ് നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(എ) യും (ബി) യും

കേരളത്തിന്റെ എല്ലാ ജില്ലകളിലും അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഈ പാക്കേജ് പ്രകാരം ഓരോ ജില്ലയിലും എത്ര അദ്ധ്യാപകർക്ക് പ്രയോജനമുണ്ടായെന്ന് വിശദമാക്കാമോ;

(സി) ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു

| നമ്പർ | ജില്ല | ശമ്പളം ലഭിക്കാത്തവർ | റിട്രഞ്ച്ഡ് ടീച്ചേഴ്സ് | പ്രൊട്ടക്ഡ് ടീച്ചേഴ്സ് | സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 138 | 106 | 200 | 8 |
| 2 | കൊല്ലം | 257 | 100 | 380 | 12 |
| 3 | ആലപ്പുഴ | 178 | 71 | 188 | 2 |
| 4 | പത്തനംതിട്ട | 80 | 67 | 164 | - |
| 5 | കോട്ടയം | 66 | 23 | 75 | - |

| | | | | | |
|---|---|---|---|---|---|
| 6 | ഇടുക്കി | 118 | 9 | 27 | - |
| 7 | എറണാകുളം | 216 | 74 | 188 | - |
| 8 | തൃശൂർ | 194 | 119 | 235 | 2 |
| 9 | പാലക്കാട | 241 | 142 | 276 | 5 |
| 10 | മലപ്പുറം | 295 | 117 | 237 | 1 |
| 11 | കോഴിക്കോട് | 451 | 156 | 472 | 58 |
| 12 | വയനാട് | 43 | 4 | 15 | 1 |
| 13 | കണ്ണൂർ | 505 | 144 | 425 | 37 |
| 14 | കാസർഗോഡ് | 31 | 27 | 57 | 1 |
| | ആകെ | 2813 | 1159 | 2939 | 127 |

(ഡി) ഈ പാക്കേജ് പ്രകാരം അദ്ധ്യാപകർക്ക് എന്തെല്ലാം ഗുണഫലങ്ങളാണ് ലഭ്യമായതെന്ന് വെളിപ്പെടുത്താമോ?

(ഡി) 2006-07 മുതൽ വിവിധ കാരണങ്ങളാൽ നിയമനാംഗീകാരം ലഭിക്കാതെയും ശമ്പളം ലഭിക്കാതെയും ജോലിചെയ്തിരുന്ന 2813 അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് 01.06.2011 മുതൽ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് 14.07.1997നു ശേഷം റെഗുലർ തസ്തികയിൽ ജോലി ചെയ്ത് കുട്ടികളുടെ അഭാവംമൂലം പുറത്തുപോയ 1159 അദ്ധ്യാപകർക്കും തസ്തികയില്ലാതെ വർഷങ്ങളായി ജോലി ചെയ്തിരുന്ന 127 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും 10 ദിവസത്തെ ട്രെയിനിംഗ് നൽകുകയും പുനർ നിയമനത്തിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.

സെക്ഷൻ ഓഫീസർ